പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 69 — 11.06.2012-ൽ മറുപടിയ്ക്ക്

## വിവരാവകാശ നിയമം

| ഉത്തരം<br>ശ്രീ. ജി.എസ്. ജയലാൽ | ചോദ്യം<br>ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
|---|---|
| (എ) വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ സൗജന്യമായി നൽകുന്നതിന് വ്യവസ്ഥകൾ നിലവിലുണ്ടോ; എങ്കിൽ ഏതൊക്കെ വിഭാഗങ്ങൾക്ക് എന്തൊക്കെ വിവരങ്ങളാണ് സൗജന്യമായി നൽകുന്നതെന്ന് അറിയിക്കുമോ ; | (എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമാണ് വിവരങ്ങൾ സൗജന്യമായി നൽകാൻ വ്യവസ്ഥയുള്ളത്. വിവരാവകാശ നിയമമനുസരിച്ച് പൊതുവായി നൽകുന്ന എല്ലാ വിവരങ്ങളും ഈ വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യമായി ലഭിയ്ക്കാൻ അർഹതയുണ്ട്. |
| (ബി) വിവരാവകാശ അപേക്ഷയോടൊപ്പം നൽകേണ്ട ബി.പി.എൽ സർട്ടിഫിക്കറ്റ് എത്ര കാലത്തിനുള്ളിൽ വാങ്ങിയതാകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ : | (ബി) ഈ ആവശ്യത്തിനായി ബി.പി.എൽ സർട്ടിഫിക്കറ്റിന് കാലപരിധി നിശ്ചയിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഈ ആവശ്യത്തിനായി ബി.പി.എൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് അതത് പ്രദേശത്തെ ബ്ളോക്ക് ഡവലപ്മെന്റ് ഓഫീസർമാരെയും കോർപ്പറേഷൻ സെക്രട്ടറിമാരെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. സർട്ടിഫിക്കറ്റിന്റെ അസ്സൽ അപേക്ഷയോടൊപ്പം ഹാജരാക്കണം |
| (സി) വിവരങ്ങൾ സൗജന്യമായി നൽകുന്നതിന്റെ ഭാഗമായി ഒരു വ്യക്തിയ്ക്ക് ഒരു വില്ലേജിന്റെ മുഴുവൻ റിക്കാർഡുകളും സൗജന്യമായി നൽകുവാൻ വ്യവസ്ഥയുണ്ടോ; വിശദാംശം അറിയിക്കുമോ ? | (സി) അധിക തുക അടച്ച് വിവരം ശേഖരിക്കുന്നവർക്ക് ലഭിയ്ക്കുന്ന എല്ലാ വിവരങ്ങളും ബി.പി.എൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവർക്ക് ലഭിയ്ക്കാൻ നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇപ്രകാരം രേഖകൾ നൽകുന്നത് സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനത്തെ തടസപ്പെടുത്തുന്നതും അതിന്റെ ധനവിഭവങ്ങളെ കാര്യമായ രീതിയിൽ വ്യതിചലിപ്പിക്കുന്നതുമാണെങ്കിൽ മറ്റുള്ളവർക്കെന്നപോലെ ഇവർക്കും നൽകേണ്ടതില്ല. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസറുടെ തീരുമാനമനുസരിച്ചാണ് വിവരങ്ങൾ നൽകുന്നത്. വില്ലേജാഫീസിന്റെ കാര്യത്തിലും സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർക്ക് ഇത്തരത്തിൽ യുക്തമായ തീരുമാനമെടുക്കാം |

സെക്ഷൻ ഓഫീസർ